## പാഠം 1

# ദൈവം

വേദഭാഗം : ഉല്പത്തി 1:1

1. കൊച്ചു റോസാ പുഷ്പമേ,
ഇത്രഭംഗി തന്നതാർ? സ്വർഗ്ഗതാതൻ
എങ്ങും വീശും തൂമണം
നിന്നിൽ പൂശി വിട്ടതാർ? സ്വർഗ്ഗതാതൻ

പല്ലവി

സ്വർഗ്ഗതാതൻ നല്ലവൻ,
എല്ലാം നൽകാൻ വല്ലഭൻ,
വല്ലഭൻ, വല്ലഭൻ, നല്ലവൻ-

2. ഗീതം പാടും കുയിലേ
പാട്ടുചൊല്ലിത്തന്നതാർ? സ്വർഗ്ഗതാതൻ
തുള്ളിയാടും മയിലേ,
ആരാ ചോല്ലൂ, നിന്നാശാൻ? സ്വർഗ്ഗതാതൻ

3. കൊച്ചുമിന്നാമിനുങ്ങേ,
കൈവിളക്കു തന്നതാർ? സ്വർഗ്ഗതാതൻ
വാനിൽ നിൽക്കും താരമേ,
മിന്നും ശോഭ തന്നാതാർ? സ്വർഗ്ഗതാതൻ

4. പിച്ചവയ്ക്കും കുഞ്ഞേ, നിൻ
പുഞ്ചിരിക്കു ഹേതു ആർ? സ്വർഗ്ഗതാതൻ
കൊഞ്ചും നിൻ കവിൾകളിൽ
സഞ്ചിതാഭ തന്നതാർ? സ്വർഗ്ഗതാതൻ.

**പഠനവിഷയങ്ങൾ** :-(1) ദൈവം സകലത്തിനും കാരണഭൂതനും സൃഷ്ടി കർത്താവുമാകുന്നു.

(2) ദൈവം നല്ലവൻ; അവനാൽ സൃഷ്ടിക്കപ്പെട്ടതെല്ലാം നല്ലതുതന്നെ.

(3) ദൈവം സകലവും മനോഹരമായി സൃഷ്ടിച്ചു.

(4) നാം ദൈവഭക്തിയുള്ളവൻ ആയിരിക്കണം. അവനാണ് നമ്മുടെ സ്രഷ്ടാവ്.

**പാഠം:** നമ്മുടെ ചുറ്റും അത്ഭുതകരമായ ഒരു ലോകം നാം

കാണുന്നു. പലവിധത്തിലുള്ള ചെടികളും വൃക്ഷങ്ങളും കൊണ്ട് ഭൂമി നിറഞ്ഞിരിക്കുന്നു. പല വർണ്ണങ്ങളുള്ള പൂക്കളും വിവിധ രുചിയുള്ള കായ്കളും അവയിൽ ഉണ്ടാകുന്നു. ചെറുതും വലുതുമായ അസംഖ്യം മൃഗങ്ങളും ഭൂമിയിൽ ഉണ്ട്. ഇമ്പകരമായ ശബ്ദം പുറപ്പെടുവിക്കുന്ന പക്ഷികളും ധാരാളമാണ്. നീലാകാശത്തിൽ സൂര്യൻ എരിഞ്ഞു പ്രകാശിക്കുന്നു. പൂനിലാവു പരത്തുന്ന ചന്ദ്രനും എണ്ണമറ്റ നക്ഷത്രങ്ങളും ആകാശത്തിൽ ഉണ്ട്. ഈ കാഴ്ചകളെല്ലാം കാണുമ്പോൾ ആരാണിതെല്ലാം ഉണ്ടാക്കിയത് എന്ന് നാം ചോദിച്ചു പോകുന്നു. അതിനുത്തരമുണ്ട്. സർവ്വശക്തനായ ദൈവം (ഉല്പത്തി 1:1). ഇതിനെ എല്ലാം നിയന്ത്രിക്കുന്നതും ദൈവം തന്നെ.

കുന്നുകൾ, പർവ്വതങ്ങൾ, നദികൾ, സമുദ്രം ഇവയെല്ലാം മനുഷ്യനുവേണ്ടി ദൈവം ഉണ്ടാക്കിയതാണ്. മഞ്ഞും മഴയും വേനലും ഭൂമിയിൽ മാറി മാറി വരുന്നു. നമുക്ക് ജീവിക്കുവാൻ അത്യാവശ്യമായ വായു, വെള്ളം, വെളിച്ചം, ചൂട് മുതലായവ ദൈവത്തിന്റെ വിലയേറിയ കരുതലുകളാണ്. നമ്മുടെ ശരീരത്തിൽ ആവശ്യമുള്ള അവയവങ്ങൾ കൈകാലുകൾ, കണ്ണ്, മൂക്ക്, ചെവി മുതലായ നൽകി ദൈവം നമ്മെ അനുഗ്രഹിച്ചിരിക്കുന്നു. രോഗം, ദുഃഖം, ആപത്ത് എന്നിവയിൽ നിന്നു ദൈവം നമ്മെ സംരക്ഷിക്കുന്നതെന്തുകൊണ്ടാണ്? ദൈവം നമ്മെ സ്നേഹിക്കുന്നു എന്നുള്ളതുകൊണ്ടുതന്നെ. ദൈവത്തെ കൂടാതെ ജീവിക്കുവാൻ നമുക്ക് സാദ്ധ്യമല്ല.

ദൈവം പരിശുദ്ധനാണ്. അതിനാൽ പാപത്തെ വെറുക്കുന്നു. പാപം പിശാചിന്റെ പ്രകൃതിയാണ്. അനുസരണക്കേട്, കളവ്, നിഗളം, കോപം, അസൂയ, പിണക്കം, പരോപദ്രവം, വഞ്ചന, കൊലപാതകം മുതലായവ പാപമാണ്. പാപം ചെയ്യുന്നവരെ ദൈവം കഠിനമായി ശിക്ഷിക്കും. ദൈവം സ്നേഹസമ്പൂർണ്ണനാണെങ്കിലും ദഹിപ്പിക്കുന്ന അഗ്നിയുമാണ്. (എബ്രായർ 12:29). അതിനാൽ പാപം ചെയ്യാതെ ജീവിക്കണം. ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു നമ്മിൽ പരിശുദ്ധ്സ്വഭാവവും ഉണ്ടാകണം. നാം ദൈവഭക്തരായിത്തീരണം.

**മനഃപാഠം :** ദൈവം വെളിച്ചമാകുന്നു. അവനിൽ ഇരുട്ട് ഒട്ടുമില്ല (1 യോഹന്നാൻ 1:5)

---

*** കുറിപ്പ്.** ഓരോ പാഠത്തിലും പ്രാരംഭമായി 'പഠനവിഷയങ്ങൾ' എന്ന തലക്കെട്ടിൽ ഏതാനും പോയിന്റുകൾ ചേർത്തിട്ടുണ്ട്. അവ പാഠത്തോടനുബന്ധിച്ച മുഖ്യചിന്തകളാണ്. പാഠം പഠിച്ചുകഴിയുമ്പോൾ അവയുടെ ആശയം കുട്ടികൾ ഗ്രഹിച്ചിരിക്കണമെന്ന് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു.

## ചോദ്യങ്ങൾ

1. ഈ ലോകത്തെ ഉണ്ടാക്കിയതാരാണ്?
2. ദൈവം നമ്മെ സ്നേഹിക്കുന്നു എന്ന് എങ്ങനെ മനസ്സിലാക്കാം?
3. ദൈവം പാപത്തെ എങ്ങനെ കരുതുന്നു?
4. ദൈവത്തിന്റെ ചില സ്വഭാവങ്ങൾ പറയുക?
5. ദൈവത്തെ പ്രസാദിപ്പിക്കുവാൻ നാം എങ്ങനെയുള്ളവരാകണം.

*************

## പാഠം 2

# സൃഷ്ടി

വേദഭാഗം : ഉല്പത്തി 1:3-25

**പഠനവിഷയങ്ങൾ:** (1) ദൈവം വാക്കിനാൽ പ്രപഞ്ചത്തെ സൃഷ്ടിച്ചു.

(2) ദൈവം ജീവന്റെ ഉറവിടമാണ്. തന്റെ കൽപനയാൽ സകല ജീവികളും സൃഷ്ടിക്കപ്പെട്ടു.

(3) ആറു ദിവസംകൊണ്ടു സൃഷ്ടിപ്പ് പൂർത്തിയാക്കി.

(4) മനുഷ്യന് ആവശ്യമുള്ളതെല്ലാം ദൈവം കരുതിയിട്ടുണ്ട്.

പാഠം. മനോഹരമായ ഈ അത്ഭുത പ്രപഞ്ചത്തിന്റെ സ്രഷ്ടാവ് ദൈവമാണെന്ന് പഠിച്ചല്ലോ. നമുക്ക് സങ്കൽപ്പിക്കുവാൻ കഴിയാത്ത നിത്യതയിൽ ഈ ലോകം ഉണ്ടായിരുന്നില്ല. ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. അന്നു ഭൂമി നിവാസ യോഗ്യമായിരുന്നു (യെശയ്യാ 45:18). പില്ക്കാലത്തു ഭൂമി വെള്ളത്തിൽ മുങ്ങി പാഴായിത്തീർന്നു. (യിരെമ്യാ 4:23). കൂരിരുൾ അവിടെ വ്യാപിച്ചിരുന്നു. ദൈവത്തിന്റെ ആത്മാവ് വെള്ളത്തിന്റെ മീതെ വ്യാപരിച്ചുകൊണ്ടിരുന്നു. ദൈവം തന്റെ ശക്തിയുള്ള വചനത്താൽ ഭൂമിയെ മനുഷ്യവാസയോഗ്യമാക്കിത്തീർത്തു. ഭൂമിയോടു ബന്ധപ്പെട്ട എല്ലാറ്റിനെയും ദൈവം ആറുദിവസംകൊണ്ട് സൃഷ്ടിച്ചു. സത്യവേദപുസ്തകത്തിൽ ആ

---

*** കുറിപ്പ്.** പുതിയ പാഠങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് അനുയോജ്യമായ ചോദ്യങ്ങൾ ചോദിച്ച് പഴയ പാഠങ്ങൾ ആവർത്തിക്കണം.